**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോലീസുകാരിൽ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസുകാർക്കിടയിൽ ആത്മഹത്യ വർധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | മാറിയ ജീവിത സാഹചര്യങ്ങളും ജീവിതശൈലിയും സമൂഹത്തിന്റെ എല്ലാ മേഖലയിലും മാറ്റം വരുത്തിയിട്ടുണ്ട്. ഇത് പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ട്.<br><br>പുതിയതരം കുറ്റകൃത്യങ്ങൾ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ കാലത്ത് വലിയ ഉത്തരവാദിത്തവും സാമൂഹിക പ്രാധാന്യവുമുള്ള ചുമതലകളാണ് പോലീസിനുള്ളത്.<br><br>തിരക്കേറിയ ജീവിതവും തുറന്ന ആശയവിനിമയത്തിന്റെ അഭാവവും സേനാംഗങ്ങൾക്കിടയിൽ നിലനിൽക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഒപ്പം കുടുംബ, സാമ്പത്തിക, ആരോഗ്യ പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും ആത്മഹത്യക്ക് കാരണമായിട്ടുണ്ട്. ചില സംഭവങ്ങളിൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യയ്ക്ക് വഴിവെച്ചിട്ടുണ്ടെന്നും കരുതുന്നു. |
| (ബി) | അരീക്കോട് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ ഹവിൽദാറായിരുന്ന സി. വിനീതിന്റെ ആത്മഹത്യയിൽ സമഗ്ര അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. അരീക്കോട് പോലീസ് സ്റ്റേഷൻ ക്രൈം 1306/2024 U/s 194 BNSS Act ആയി 16.12.2024 -ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അരീക്കോട് പോലീസ് ഇൻസ്പെക്ടർ കേസിന്റെ പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളതും നിലവിൽ കൊണ്ടോട്ടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ കേസ് അന്വേഷണ നടന്നുവരികയുമാണ്. |
| (സി) | സംസ്ഥാനത്ത് പോലീസുകാരിൽ ആത്മഹത്യ വർധിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പോലീസുകാർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറക്കുന്നതിനും അമിത ജോലിഭാരം കുറക്കുന്നതിനും |

| | | | |
|---|---|---|---|
| | | | പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>HATS: 2017 ൽ ആരംഭിച്ച HATS(Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും HATS മുഖാന്തിരമുള്ള കൗൺസിലിംഗ് സൗജന്യമായി തേടാവുന്നതാണ്.<br><br>മെന്ററിംഗ് സംവിധാനം: സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായി വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>Weekly Off: അർഹമായ ലീവുകൾ നൽകുന്നതിനും Weekly Off നിർബന്ധമായും നൽകുന്നതിനും പ്രത്യേക സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ലഹരി ഉപയോഗത്തിനെതിരെ: മദ്യപാനശീലമുള്ളവരെ ലഹരി മുക്തരാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് നടത്തിവരുന്നു.<br><br>മാനസിക പിരിമുറുക്കം ലഘൂകരിക്കൽ: സേനാംഗങ്ങളുടെ പരിശീലന കാലയളവിൽ തന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും ആയോധനകലകളിലുള്ള പരിശീലനവും വഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികളും നടത്തുന്നുണ്ട്. |
| (ഡി) | പോലീസ് സേനയിലെ അമിത ജോലിഭാരം കുറയ്ക്കാനും മാനസികാരോഗ്യം ഉറപ്പ വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | പോലീസുകാർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറക്കുന്നതിനും അമിത ജോലിഭാരം കുറക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | HATS: 2017 ൽ ആരംഭിച്ച HATS(Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും HATS മുഖാന്തിരമുള്ള കൗൺസിലിംഗ് സൗജന്യമായി തേടാവുന്നതാണ്.<br><br>മെന്ററിംഗ് സംവിധാനം: സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായി വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>Weekly Off: അർഹമായ ലീവുകൾ നൽകുന്നതിനും Weekly Off നിർബന്ധമായും നൽകുന്നതിനും പ്രത്യേക സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ലഹരി ഉപയോഗത്തിനെതിരെ: മദ്യപാനശീലമുള്ളവരെ ലഹരി മുക്തരാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് നടത്തിവരുന്നു.<br><br>മാനസിക പിരിമുറുക്കം ലഘൂകരിക്കൽ: സേനാംഗങ്ങളുടെ പരിശീലന കാലയളവിൽ തന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും ആയോധനകലകളിലുള്ള പരിശീലനവും വഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ